**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **01-03-2023 - ൽ മറുപടിയ്ക്ക്**

**തൃപ്രങ്ങോട്ടൂർ വില്ലേജ് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃപ്രങ്ങോട്ടൂർ വില്ലേജ് വിഭജിച്ച് പൊയിലൂർ ആസ്ഥാനമായി പുതിയ വില്ലേജ് രൂപീകരണം യാഥാർത്ഥ്യമാവാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ടുൾപ്പെടെയുള്ള നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ആദിവാസികൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പതിറ്റാണ്ടുകളായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറുടെയും ലാൻഡ് റവന്യൂ കമ്മീഷണറുടെയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില്ലേജ് വിഭജനം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ മുൻകൈയ്യെടുക്കുമോ; വിശദമാക്കുമോ? | (ബി) | എ യുടെ മറുപടി |

സെക്ഷൻ ഓഫീസർ